**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **24-08-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവത്ക്കരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമഭേദഗതി നടപ്പിലാക്കിയാൽ ഗാർഹിക, കാർഷിക, ദുർബല വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനം നൽകി വരുന്ന സബ്സിഡി നഷ്ടപ്പെടുമെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ക്രോസ്-സബ്സിഡി സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ശരാശരി വൈദ്യുതി വിലയേക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് സാധാരണക്കാരായ ഗാർഹിക / കാർഷിക ഉപഭോക്താക്കൾക്ക്കുറഞ്ഞനിരക്കിൽ വൈദ്യുതി നൽകി വരുന്നത് സാധ്യമാകുന്നത്.<br><br>ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന ക്രോസ്-സബ്സിഡി ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണം എന്നും ക്രോസ്-സബ്സിഡി, ക്രോസ്- സബ്സിഡി സർചാർജ്, അല്ലെങ്കിൽ അധിക സർചാർജ്ജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന 'അധികതുക' ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ് എന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ യഥാസമയം ഫണ്ടിലേക്ക് ലഭ്യമാക്കാത്തപക്ഷം അത് ക്രോസ്-സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേക്കും, സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിലേക്കും നയിക്കാൻ സാധ്യത ഉണ്ട്. അത്തരം ഒരു വിഷമ സന്ധി വന്നാൽ നിലവിൽ ക്രോസ്-സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമോ എന്നതും പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിയമ ഭേദഗതി നടപ്പിൽ വരുന്നതോടുകൂടി കെ.എസ്.ഇ.ബി. യുടെ വിതരണ ശൃംഖല സ്വകാര്യ കുത്തകകൾക്ക് യഥേഷ്ടം ഉപയോഗിച്ച് കൊള്ളലാഭം കൊയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം ശൃംഖലാവികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ വിട്ടുതൽ ചെയ്യും വിധമാണ് പുതിയ നിർദ്ദേശം. വൈദ്യുതി വിതരണത്തിൽ മുഖ്യമായ പണച്ചെലവുള്ളത് ശൃംഖലാ വികസനത്തിനും പരിപാലനത്തിനും ആണ് എന്നിരിക്കെ ഈ ഉത്തരവാദിത്വത്തിൽ നിന്നും വിതരണ കമ്പനികളെ ഒഴിവാക്കുന്നതു മൂലധനനിക്ഷേപവും ഉത്തരവാദിത്വവും ഇല്ലാതെ ആർക്കും കടന്നു വരാവുന്ന ഒരു മേഖലയാക്കി വൈദ്യുതിവിതരണരംഗത്തെ മാറ്റുവാൻ സാധ്യതയുണ്ട്.<br><br>ഭേദഗതി നിർദ്ദേശത്തിൽ ശൃംഖലാ വികസനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല ആർക്ക് എന്നത് വ്യക്തമല്ല. സ്വാഭാവികമായും വൻമൂലധന നിക്ഷേപം ആവശ്യമുള്ളതും, എന്നാൽ വർഷങ്ങൾക്ക് ശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ പദ്ധതികളിൽ മുതൽ മുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. എല്ലാ വിതരണ കമ്പനികൾക്കും ഉത്തരവാദിത്തം എന്നത് ആർക്കും ഉത്തരവാദിത്തം ഇല്ലാത്ത സ്ഥിതി സംജാതമാകാൻ സാധ്യതയുണ്ട്. |
| (സി) | കേന്ദ്രം കൊണ്ടുവന്നിട്ടുള്ള പ്രസ്തുത നിയമ ഭേദഗതി ജനങ്ങൾക്ക് കടുത്ത വെല്ലുവിളിയായി മാറുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ എടുത്തിട്ടുള്ള നയസമീപനം വിശദമാക്കുമോ? | (സി) | വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ